**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 592** **10-02-2025 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പ്രോജക്റ്റ് ലിമിറ്റഡിൽ സേവനം അനുഷ്ഠിച്ചു വരവെ അന്തരിച്ച ജോൺസൺ വർഗ്ഗീസിന്റെ ഭാര്യ ശ്രീമതി ആർ. ഉഷാകുമാരി ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (എ) | ശ്രീമതി. ഉഷാകുമാരിയുടെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല. ജോൺസൺ വർഗ്ഗീസിന്റെ അനന്തരാവകാശികളെ സംബന്ധിച്ച കോടതിവ്യവഹാരങ്ങൾ നിലനിൽ-ക്കുന്നതിനാൽ കോടതിവിധിക്ക് വിധേയമായി മാത്രമേ **ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ** ലഭിച്ചിട്ടുള്ള അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് കമ്പനി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നിശ്ചിത പ്രൊഫോർമയിലുള്ള അപേക്ഷ ബോർഡ് തീരുമാനം സഹിതം ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ